# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3138** — **11-12-2014-ൽ മറുപടിക്ക്**

### നെല്ല് സംഭരണം

**ചോദ്യം**

**ശ്രീ.ഇ.പി.ജയരാജൻ**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2014-15ൽ നാളിതുവരെ എത്ര ടൺ നെല്ല് സംഭരിക്കുകയുണ്ടായി; | (എ) | 2014-15 ഒന്നാം സീസണിൽ നാളിതുവരെ (04.12.2014) 133384.665 മെ.ടൺ നെല്ല് സംഭരിച്ചു. |
| (ബി) | ക്വിന്റലിന് എത്ര രൂപ നൽകിയാണ് നെല്ല് സംഭരണം നടത്തിയത്; | (ബി) | 16-08-2014 ലെ സ.ഉ (എം.എസ്)31/2014 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിലോ ഗ്രാമിന് 19/- രൂപ നൽകിയാണ് സപ്ലൈകോ നെല്ല് സംഭരിച്ച് വരുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നെല്ല് സംഭരണം നടത്തിയത് | (സി) | സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയതനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2006 മുതൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് നേരിട്ട് സംഭരണം നടത്തി വരുന്നു. |
| (ഡി) | ആകെ എത്ര തുകയുടെ നെല്ല് സംഭരിക്കുകയുണ്ടായി; | (ഡി) | ഈ സീസണിൽ (04-12-2014 വരെ) സപ്ലൈകോ 253.43 കോടി രൂപയുടെ നെല്ല് സംഭരിച്ച് കഴിഞ്ഞു. |
| (ഇ) | നെല്ല് സംഭരിച്ച വിവിധ ഏജൻസികൾക്ക് എത്ര തുക വീതം നൽകിയെന്നും ഇനി എത്ര തുക വീതം കൊടുത്തു തീർക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | (ഇ) | നെല്ല് സംഭരിച്ച ഇനത്തിൽ 2013-14 രണ്ടാം സീസൺ, 2014-15 ഒന്നാം സീസൺ എന്നിവയിലായി സംസ്ഥാന സർക്കാരിൽ നിന്ന് സപ്ലൈകോക്ക് ഇതുവരെ 150.93 കോടി രൂപ നൽകുവാനുണ്ട്. |
| (എഫ്) | നെല്ല് സംഭരണം നടത്തിയ വിവിധ ഏജൻസികൾക്ക കൊടുത്തു തീർക്കുവാനുള്ള തുക എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോയ്ക്ക് തുക നൽകുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**